**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 684** **28-01-2026 - ൽ മറുപടിയ്ക്ക്**

**ഇടമലക്കുടി വൈദ്യുതീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. കെ. ടി. ജലീൽ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഇടമലക്കുടിയിൽ വൈദ്യുതി എത്തിക്കുന്നതിനായി നടപ്പ സർക്കാരിന്റെ കാലയളവിൽ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നു; | (എ) | **കെ.എസ്.ഇ.ബി.എൽ.**<br><br>നടപ്പ സർക്കാരിന്റെ കാലത്ത് ഇടമലക്കുടിയിലെ ആണ്ടവൻകുടി, കണ്ടത്തിക്കുടി, നടുക്കുടി, ശെഡ്ഡുകുടി, അമ്പലപ്പടിക്കുടി, വെള്ളക്കാശംകുടി എന്നീ ഉന്നതികളിൽ വൈദ്യുതി എത്തിയ്ക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഇടമലക്കുടി വൈദ്യുതീകരണത്തിന്റെ ഭാഗമായി 2016 മുതൽ 2025 വരെ താഴെ പറയുന്ന പ്രവൃത്തികൾ ചെയ്തിട്ടുണ്ട്.<br><br>ഒന്നാംഘട്ടത്തിൽ 4.78 കോടി രൂപ മുടക്കി പെട്ടിമുടിയിൽ നിന്നും 13.5 കിലോ മീറ്റർ ഭൂഗർഭ കേബിളും 500 മീറ്റർ ത്രീ ഫേസ് OH ലൈനും 1.5 കിലോ മീറ്റർ സിംഗിൾ ഫേസ് ലൈനും നിർമ്മിച്ച് ഇഡലിപ്പാറക്കുടിയിലും സൊസൈറ്റിക്കുടിയിലും 100 kVA-യുടെ രണ്ട് ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് ഇഡലിപ്പാറക്കുടിയിലും സൊസൈറ്റിക്കുടിയിലും വൈദ്യുതി എത്തിക്കുന്ന പ്രവൃത്തികൾ പൂർത്തികരിച്ചു.<br><br>രണ്ടാം ഘട്ടത്തിൽ ആണ്ടവൻകുടി, കണ്ടത്തിക്കുടി, നടുക്കുടി, അമ്പലപ്പടിക്കുടി, ശെഡ്ഡുകുടി വെള്ളക്കാശംകുടി എന്നീ ഉന്നതികളുടെ വൈദ്യുതീ-കരണത്തിനായി ഇടമലക്കുടി ഗ്രാമ പഞ്ചായത്ത് 41.91 ലക്ഷം രൂപ 31.03.2022- ന് കെ.എസ്.ഇ.ബി.-യിൽ അടയ്ക്കുകയുണ്ടായി. 5 കിലോ മീറ്റർ LT സിംഗിൾ ഫേസ് ലൈനും, 1 കിലോമീറ്റർ LT 3 ഫേസ് ലൈനും സ്ഥാപിക്കുന്ന പ്രവർത്തിയാണ് ചെയ്യാനുള്ളത്. ഇതിൽ 3 കിലോ മീറ്റർ LT സിംഗിൾ ഫേസ് ലൈനും 1 കിലോമീറ്റർ 3 ഫേസ് ലൈനും സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു. നടുക്കുടി, ശെഡ്ഡു കുടി എന്ന 2 കുടികളിൽ കണക്ഷൻ നല്കുകയുണ്ടായി. ബാക്കിയുള്ള പ്രവൃത്തികൾ അന്തിമ ഘട്ടത്തിലാണ്.<br><br>**അനെർട്ട്**<br><br>ഈ സർക്കാരിന്റെ കാലയളവിൽ ഇടമലക്കുടിയിലെ വൈദ്യുതി ലഭ്യമാകാത്ത 14 പട്ടിക വർഗ്ഗ ഉന്നതികളിൽ വൈദ്യുതി എത്തിക്കുന്നതിനുള്ള പദ്ധതി, 2025-26 സാമ്പത്തിക വർഷത്തെ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആകെ 372 വീടുകളുള്ള ഈ 14 ഉന്നതികളിലെ കുടുംബങ്ങൾക്ക്, അനെർട്ട് മുഖേന സൗരോർജ്ജം ഉപയോഗിച്ച് വൈദ്യുതീകരണം നടത്തുന്നതിനുള്ള ടെൻഡർ നടപടികൾ പൂർത്തീകരിച്ചുവരുന്നു. |

| Sl. No. | Name of Tribal Hamlet (ഇടമലക്കുടി) | No. Of Households |
|---|---|---|
| 1 | Parappayarkudi | 67 |
| 2 | Nooradikudi | 40 |
| 3 | Koodallaarkudi | 16 |
| 4 | Melpathamkudi | 16 |
| 5 | Perumkadavukudi | 9 |
| 6 | Paarakudi | 13 |
| 7 | Vellavarakudi | 48 |
| 8 | Mulagutharakudi | 40 |
| 9 | Keezhpathamkudi | 33 |
| 10 | Iruppukalkudi | 33 |
| 11 | Kavakattukudi | 17 |
| 12 | keezhvalayampaarakudi | 21 |
| 13 | Ambalaparakudi | 12 |
| 14 | Thenpaarakudi | 7 |
| | **Total** | **372** |

(ബി) പ്രസ്തുത മേഖലയിൽ വൈദ്യുതി എത്തിക്കുന്നതിനായി 2016 മുതൽ 2025 വരെ എന്തെല്ലാം പ്രവൃത്തികൾ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ട്; വൈദ്യുതി എത്തിക്കുന്നതിനായി എന്തെല്ലാം മാർഗ്ഗങ്ങളാണ് പിന്തുടർന്നതെന്നും ആയതിനായി എത്ര തുക ചെലവായിട്ടുണ്ടെന്നും വിശദമാക്കാമോ ?

(ബി) **കെ.എസ്.ഇ.ബി.എൽ.**

നടപ്പ സർക്കാരിന്റെ കാലത്ത് ഇടമലക്കുടിയിലെ ആണ്ടവൻകുടി, കണ്ടത്തിക്കുടി, നടുക്കുടി, ശെഡ്ഡുകുടി, അമ്പലപ്പടിക്കുടി, വെള്ളക്കാശംകുടി എന്നീ ഉന്നതികളിൽ വൈദ്യുതി എത്തിയ്ക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഇടമലക്കുടി വൈദ്യുതീകരണത്തിന്റെ ഭാഗമായി 2016 മുതൽ 2025 വരെ താഴെ പറയുന്ന പ്രവൃത്തികൾ ചെയ്തിട്ടുണ്ട്.

ഒന്നാംഘട്ടത്തിൽ 4.78 കോടി രൂപ മുടക്കി പെട്ടിമുടിയിൽ നിന്നും 13.5 കിലോ മീറ്റർ ഭൂഗർഭ കേബിളും 500 മീറ്റർ ത്രീ ഫേസ് OH ലൈനും 1.5 കിലോ മീറ്റർ സിംഗിൾ ഫേസ് ലൈനും നിർമ്മിച്ച് ഇഡലിപ്പാറക്കുടിയിലും സൊസൈറ്റിക്കുടിയിലും 100 kVA-യുടെ രണ്ട് ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചും ഇഡലിപ്പാറക്കുടിയിലും സൊസൈറ്റിക്കുടിയിലും വൈദ്യുതി എത്തിക്കുന്ന പ്രവൃത്തികൾ പൂർത്തികരിച്ചു.

രണ്ടാം ഘട്ടത്തിൽ ആണ്ടവൻകുടി, കണ്ടത്തിക്കുടി, നടുക്കുടി, അമ്പലപ്പടിക്കുടി, ശെഡ്ഡുകുടി വെള്ളക്കാശംകുടി എന്നീ ഉന്നതികളുടെ വൈദ്യുതീ-കരണത്തിനായി ഇടമലക്കുടി ഗ്രാമ പഞ്ചായത്ത് 41.91 ലക്ഷം രൂപ 31.03.2022- ന് കെ.എസ്.ഇ.ബി.-യിൽ അടക്കുകയുണ്ടായി. 5 കിലോ മീറ്റർ LT സിംഗിൾ ഫേസ് ലൈനും, 1 കിലോമീറ്റർ LT 3 ഫേസ് ലൈനും സ്ഥാപിക്കുന്ന പ്രവർത്തിയാണ് ചെയ്യാനുള്ളത്. ഇതിൽ 3 കിലോ മീറ്റർ LT സിംഗിൾ ഫേസ് ലൈനും 1 കിലോമീറ്റർ 3 ഫേസ് ലൈനും സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു.

| | | | |
|---|---|---|---|
| | | | നടുക്കുടി, ശെഡ്ഡു കുടി എന്ന 2 കുടികളിൽ കണക്ഷൻ നല്കുകയുണ്ടായി. ബാക്കിയുള്ള പ്രവൃത്തികൾ അന്തിമ ഘട്ടത്തിലാണ്.<br><br>**<u>അനെർട്ട്</u>**<br><br>പ്രസ്തുത മേഖലയിൽ വൈദ്യുതി എത്തിക്കുന്നതിനായിയുള്ള ടെൻഡർ നടപടികൾ പൂർത്തികരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ